(ഡി) ഈ വർഷം ചെലവു കുറയുവാനുണ്ടായ പ്രധാന കാരണങ്ങൾ താഴെപ്പറയുന്നു.

(i) പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ സ്ഥലങ്ങൾ അതതു പഞ്ചായത്തുകളിൽ നിന്നും ലഭിക്കാനുണ്ടാകുന്ന കാലതാമസം.

(ii) വാട്ടർ അതോറിറ്റിയിലെ അസിസ്റ്റന്റ് എൻജിനീയർമാരുടെ നിരവധി ഒഴിവുകൾ.

(iii) പി.വി.സി./സി.ഐ. പൈപ്പുകൾ വാങ്ങുന്നതിനുണ്ടായിട്ടുള്ള കാല താമസം.

ഈ പറഞ്ഞ കാരണങ്ങൾമൂലം പദ്ധതികൾ ഉദ്ദേശിച്ചത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല.

(ഇ) ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾക്കുള്ള കേന്ദ്രധന സഹായം രാജീവ്ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ ഗൈഡ് ലൈൻസ് അനുസരിച്ച് രണ്ട് ഗഡുക്കളായാണ് കേന്ദ്രം അനുവദിക്കുന്നത്. ഇതിൽ ആദ്യ ഗഡു വർഷാവർഷം ഏപ്രിൽ മാസത്തിൽ റിലീസ് ചെയ്യും. ഇത് ചെയ്യുന്നതിന് പ്രത്യേക നിബന്ധനകളൊന്നും ഇല്ല. രണ്ടാമത്തെ ഗഡു റിലീസ് ചെയ്യുന്നതിന് പ്രത്യേക നിബന്ധനകളുണ്ട്. ഇതിൽ പ്രധാന നിബന്ധന അതതുവർഷത്തേയ്ക്ക് ലഭ്യമായിട്ടുള്ള തുകയുടെ 60% ഡിസംബർ മാസത്തോടെ ചെലവഴിച്ചിരിക്കണമെന്നുള്ളതാണ്.

ജപ്പാൻ സഹായത്തോടുകൂടിയ ജലവിതരണ പദ്ധതികൾ

29(*59) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ബാലാറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ സഹായത്തോടുകൂടി സംസ്ഥാനത്ത് എത്ര ജലവിതരണ പദ്ധതികളാണ് നടപ്പാക്കാൻ തീരുമാനിച്ചിരുന്നത് ; എവിടെയെല്ലാം ;

(ബി) ഈ പദ്ധതിയുടെ പ്രയോജനം എത്രപേർക്ക് ലഭ്യമാകും ;

(സി) ഇതിനകം ഈ പദ്ധതികൾക്ക് വേണ്ടി എന്തു തുക ചെലവഴിച്ചു ;

(ഡി) പ്രസ്തുത പദ്ധതികൾക്കുള്ള വിഹിതം ജപ്പാൻ ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനു കൈമാറിയിട്ടുണ്ടോ ; എങ്കിൽ എന്ന് ;

(ഇ) ഈ പദ്ധതികൾക്കുവേണ്ടി കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടി എത്രത്തോളമായി ;

(എഫ്) ഇപ്പോൾ ഈ പദ്ധതികൾ സംബന്ധിച്ച പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) 5 ശുദ്ധജലവിതരണ പദ്ധതികൾ.

1. തിരുവനന്തപുരം നഗരവും പ്രാന്തപ്രദേശങ്ങളും.
2. മീനാടും സമീപ ഗ്രാമങ്ങളും.
3. ചേർത്തലയും സമീപ ഗ്രാമങ്ങളും.
4. കോഴിക്കോട് നഗരവും പ്രാന്തപ്രദേശങ്ങളും.
5. പട്ടുവവും സമീപ ഗ്രാമങ്ങളും

(ബി) ഏകദേശം 40 ലക്ഷത്തോളം ജനങ്ങൾക്ക്

(സി) പദ്ധതികൾക്കാവശ്യമായ ഭൂമിയേറ്റെടുത്ത പണികളുടെ ഭാഗമായി 20.31 കോടി രൂപ ഇതിനകം ചെലവായിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും യാതൊരു അറിയിപ്പും ലഭിച്ചിട്ടില്ല.

(ഇ&എഫ്) ആദ്യം കൺസൾട്ടന്റുമാരുടെ ഷോർട്ട്‌ലിസ്റ്റ് തയ്യാറാക്കുകയും, ഒ.ഇ.സി.എഫ് (ഇപ്പോൾ ജെ.ബി.ഐ.സി) അംഗീകരിച്ച ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട കമ്പനികളിൽ നിന്ന് ഓഫറുകൾ ക്ഷണിക്കുകയും ചെയ്തു. ലഭിച്ച നാല് ഓഫറുകളുടെ സാങ്കേതിക ബിഡ്ഡുകളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കി തുടർന്ന്, അതിൽ ഒന്നാം സ്ഥാനം ലഭിച്ച കമ്പനികളുടെ ഫിനാൻഷ്യൻ ബിഡ്ഡുകളുടെ പരിശോധന നടന്നുകൊണ്ടിരിക്കെ മാധ്യമങ്ങളും, പ്രമുഖരാഷ്ട്രീയ നേതാക്കളും മറ്റുള്ളവരും പി.സി.ഐ. എന്ന കമ്പനിയെ ഹ്രസ്വ ലിസ്റ്റിൽ ഉൾപ്പെടുത്തിയതിനെക്കുറിച്ച് വിമർശനങ്ങളും സംശയങ്ങളും ഉന്നയിക്കുകയുണ്ടായി. മേൽ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം പുന:പരിശോധിക്കുകയും മേൽ സാഹചര്യത്തിൽ പുതിയതായി ആഗോള ടെണ്ടർ വിളിച്ച് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതായിരിക്കും ശരിയായ നടപടിയെന്ന് തീരുമാനിക്കുകയും ചെയ്തു. ഈ തീരുമാനം ഒ.ഇ.സി.എഫ്-ന്റെ അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ സാമ്പത്തികകാര്യ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. അവരുടെ മറുപടി ലഭ്യമായിട്ടില്ല.

ജപ്പാൻ സഹായത്തോടെയുള്ള ശുദ്ധജലവിതരണ പദ്ധതികൾ

30(*60) ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആറ് ശുദ്ധജലവിതരണ പദ്ധതികൾക്ക് ജപ്പാൻ വായ്പ അനുവദിച്ചതെന്നാണ് ;

(ബി) ഈ പദ്ധതികളുടെ കൺസൾട്ടന്റ് നിയമനത്തിന് പരസ്യം പ്രസിദ്ധീകരിച്ചതെന്നാണ് ;

LIBRARY ARCHIVES Kerala Legislative Assembly